പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.4229 — 25.06.2018 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികൾ നേരിടുന്ന പ്രശ്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ്ജ് എം. തോമസ്<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. ഡി.കെ. മുരളി | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് തോട്ടം തൊഴിലാളികളുടെ കൂലിയും മറ്റാനുകൂല്യങ്ങളും പരിഷ്കരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി അറിയിക്കാമോ; | (എ) പ്ലാന്റേഷൻ ലേബർ നിയമത്തിന്റെ പരിധിയിൽ വരുന്ന തോട്ടങ്ങളിൽ മിനിമം വേതനം അവസാനമായി സർക്കാർ നിശ്ചയിച്ചത് 2016 - ൽ ആണ്. മിനിമം വേതന ഉത്തരവിന്റെ കാലാവധി 2018 ജൂൺ അവസാനമാകുമ്പോൾ 3 വർഷം പൂർത്തീകരിക്കും. പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ട്രേഡ് യൂണിയനുകൾ വേതന വർദ്ധനവിനായിട്ടുള്ള ഡിമാന്റ് നോട്ടീസ് നൽകുകയും അതിന്മേൽ ചർച്ച നടന്നുവരികയുമാണ്. |
| (ബി) കേന്ദ്ര സർക്കാർ നയങ്ങൾ കൊണ്ട് തോട്ടം മേഖല നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ചിരുന്നോ; | (ബി) തോട്ടം മേഖലയിലെ പ്രശ്നങ്ങൾ പരിശോധിക്കുവാനായി നിയമിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സെക്രട്ടറിതല കമ്മിറ്റി പരിശോധിക്കുകയും പ്രസ്തുത കമ്മിറ്റി നൽകിയ 14 ശുപാർശകളിൽ 10 എണ്ണം സർക്കാർ അംഗീകരിക്കുകയും ഒരു ശുപാർശ തള്ളിക്കളയുകയും 3 ശുപാർശകൾ ഭേദഗതികളോടെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| സി)ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (സി) 'ഭവനം പദ്ധതി സ്വന്തം വീട് സ്കീം, മുഖേന ഭവനരഹിതരായ തോട്ടം തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>'ഭവനം പദ്ധതി സ്വന്തം വീട് സ്കീമിനായി' 4.08 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |

ഡി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(ഡി) അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് സർക്കാർ തോട്ടം ഉടമകളുമായി ചർച്ചകൾ നടത്തി വരുന്നു. കൂടാതെ, തോട്ടം മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ച ജസ്റ്റിസ് കൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ട് പ്രകാരം ഉപേക്ഷിക്കപ്പെട്ടതോ പ്രവർത്തനരഹിതമായി കിടക്കുന്നതോ ആയ തോട്ടങ്ങൾ സർക്കാർ ഏറ്റെടുത്ത് നടത്തുകയോ, അല്ലെങ്കിൽ തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ വ്യക്തമായ മാനദണ്ഡത്തോടെ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുകയാണെങ്കിൽ തോട്ടത്തിന്റെ സ്വഭാവത്തിൽ മാറ്റം വരുത്തരുതെന്ന വ്യവസ്ഥയോടെ അംഗീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ